(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) KTDC, DTPC, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവരുമായി ചേർന്ന് സംസ്ഥാനത്താകെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ദേശീയ പാതയോരങ്ങളിലും മറ്റു പ്രധാന പാതയോരങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി 'take a rest' എന്ന പേരിൽ ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്.

വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവിനുള്ള അവാർഡ്

344(1052) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാരവകുപ്പിന്റെ പ്രവർത്തനമികവ് കണക്കിലെടുത്ത് ഈ സർക്കാരിന്റെ കാലത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) യു.എൻ.ഒ.-യുമായി ബന്ധപ്പെട്ട ഏതെങ്കിലും ഏജൻസികളുടെ അവാർഡ് വിനോദസഞ്ചാരവകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് വിവിധ വിഭാഗങ്ങളിലായി താഴെപ്പറയുന്ന പ്രധാന അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

2011 :

1. Travel & Leisure Award

- Best Indian State 2011
- Best Green Destination 2011

2. Times of India

- Best Tourism Board 2011

3. PATA Awards 2011

- Grand Award for environment, 2011 for Destination Kumarakam
- Gold Award for Best Marketing Campaign
- Gold Award for Best TV Commercial and Best PR Campaign for Your Moment is Waiting

4. WTM 2011, London

- Best Stand Award

5. FITUR 2011 Spain

- Best International Exhibition Stand- Kerala Tourism Pavilion

6. Government of India Awards- 2011

Most Innovative use of IT/Best Website

2012 :

1. Golden City Gate Award, ITB Berlin

- Silver for the print campaign - Your Moment is waiting- 2012
- Bronze for the TV Commercial- Your Moment is waiting- 2012

LIBRARY ARCHIVES Kerala Legislative Assembly

2. Government of India Award 2012

- Best Rural Tourism Project- Kumarakam

3. Prague International Advertising Festival (PIAF) 2012

- Bronze for the Print campaign- Your Moment is Waiting

4. Lonely Planet- India Travel Awards- 2012

- Best Destination for Families- 2012

5. CNBC Travel Awards

- Best Tourism Board

6. CNBC Awaaz Award

- Best Travel Tourism State

7. IAA Olive Crown Award

- Gold for Kerala Tourism Print Campaign on World Tourism Day- 2012

8. Conde Nest Traveller Award

- Award for excellence in taking Brand Global- 2012

9. Outlook Traveler Awards

- Favourite Winter Destination
- Favourite Beach Destination Award for Kovalam

2013 :

1. Lonely Planet Travel Awards

- Best Destination for Families
- Best Destination for relaxation

Runner Up- Best Destination for value

LIBRARY ARCHIVES Kerala Legislative Assembly

2. Golden City Gate Award, ITB Berlin

- Silver for print Campaign- Home of Ayurveda

3. Olive Crown Award

- Gold for print Campaign- world Tourism Day

4. PATA Awards

Gold Award for E-News Letter

5. National Tourism Award 2012-13 (Received in 2014)

- Most Innovative Tourism Project Award for Kochi Muzhiris Biennale
- Best Civic Management Award for Kumarakom Grama Panchayath
- Award for Most Innovative use of IT-2nd Prize in the Best State Category

2014 :

1. UNWTO- ULYSSES Award

2. Golden City Gate Award- ITB Berlin

Gold Prize- Print Campaign- the Great Backwaters

3. Travel & Leisure South Asia

- Best Green Destination in India
- Best Indian State

4. Lonely Planet- Travel Awards

- Best Destination for families

LIBRARY ARCHIVES Kerala Legislative Assembly

5. PATA Awards

- Gold Award for E-News Letter
- Corporate Social Responsibility for Kumarakom

6. CNBC Awaaz Award

- Best City Kochi

7. Conde Nast Traveller Award

- Favourite Indian Leisure Destination- Runner Up.

ഇവ കൂടാതെ ടൂറിസം വകുപ്പ് പങ്കെടുത്ത വിവിധ ദേശീയ മേളകളിൽ കേരള ടൂറിസം പവലിയനും കേരളാ ടൂറിസത്തിനും വിവിധ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. യു.എൻ.ഒ.-യുടെ ഉപസംഘടനയായ യുണൈറ്റഡ് നേഷൻസ് വേൾഡ് ടൂറിസം ഓർഗനേസേഷന്റെ (യു.എൻ.ഡബ്ല്യു.റ്റി.ഒ) അവാർഡ് ലഭിച്ചിട്ടുണ്ട്. അത് 'എക്സലൻസ് ആന്റ് ഇന്നൊവേഷൻ ഇൻ ടൂറിസം' എന്ന മത്സര വിഭാഗത്തിൽ കമരകത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം സംരംഭത്തിനാണ് ലഭിച്ചത്.

മിഷൻ 676-ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ

345 (1053) ശ്രീ. കെ. മുരളീധരൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly